**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1970** **29-07-2021 - ൽ മറുപടിയ്ക്ക്**

**11 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിലെ നഗരസഭാ പരിധിയിൽ ഭരണാനുമതി ലഭിച്ച 11 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് ആകെ എത്ര കോടി രൂപയാണ് സർക്കാർ അനുവദിച്ചത്; | (എ) | കൊയിലാണ്ടി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി 20.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ പ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 110 കെ.വി. സബ്സ്റ്റേഷന്റെ പ്രവൃത്തി നടപ്പിലാക്കുന്ന തുമായി ബന്ധപ്പെട്ട് നഗരപരിധിയിൽ 3 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ മൂന്ന് സ്ഥലങ്ങളിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ഏറ്റവും അനുയോജ്യമായ സ്ഥലം നിർണ്ണയിക്കുന്നതിനു വേണ്ടി ഒരു താരതമ്യ പഠനം നടത്തിയ റിപ്പോർട്ട് പ്രകാരം വിയ്യൂർ വില്ലേജ് ഓഫീസിനു എതിർവശം ഉള്ള 79 സെന്റ് ഭൂമിയാണ് ശുപാർശ ചെയ്തിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ബോർഡ് Approval അടക്കമുള്ള അനന്തര നടപടികൾ പുരോഗമിക്കുന്നു. |
| (സി) | പ്രവൃത്തി ഏത് തീയതിക്കകം ടെണ്ടർ ചെയ്ത് ആരംഭിക്കാമെന്നാണ് കരുതുന്നത് എന്ന് വിശദമാക്കാമോ? | (സി) | സ്ഥലമേറ്റെടുക്കൽ പൂർത്തിയായതിനു ശേഷമേ ടെണ്ടർ നടപടികൾ ആരംഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ